# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1615

05/12/2014-ൽ മറുപടിക്ക്

## ചെറായി ജംഗ്ഷനിൽ ബൈപ്പാസ് നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എസ്.ശർമ്മ | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ) | |
| (എ) | ജിഡ ഫണ്ട് ഉപയോഗപ്പെടുത്തി ചെറായി ജംഗ്ഷനിൽ ബൈപ്പാസ് നിർമ്മിക്കുന്നതിന് തീരുമാനിച്ചിരുന്നുവോ യെന്ന് വ്യക്തമാക്കാമോ; | (എ) | തീരുമാനിച്ചിരുന്നു. |
| (ബി) | ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (ബി) & (സി) | പ്രസ്തുത നിർമ്മാണം 24.02.2010 ലെ ജിഡ ജനറൽ കൗൺസിൽ അംഗീകാര പ്രകാരം കിറ്റ്കോ വഴി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളതാണ്. ഇതനുസരിച്ച് കിറ്റ്കോ 4 നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. മേൽ നിർദ്ദേശങ്ങൾ പരിശോധിച്ചശേഷം പഞ്ചായത്ത് കമ്മിറ്റിയിലെ 24.12.2013 ലെ 2(6) -ാം നമ്പർ തീരുമാന പ്രകാരം പഴയ പഞ്ചായത്താഫീസിന്റെ കിഴക്കുവശത്തു നിന്നും ആരംഭിച്ച് വസ്തേരി പാലത്തിനു സമീപം എത്തിച്ചേരുന്ന നിർദ്ദേശം പഞ്ചായത്ത് അംഗീകരിച്ചിട്ടുള്ളതാണ്. ഇതിനാവശ്യമായ എസ്റ്റിമേറ്റ്, ഏറ്റെടുക്കേണ്ടിവരുന്ന സ്ഥലങ്ങളുടെ സർവേ വിവരങ്ങൾ എന്നിവ തയ്യാറാക്കി 23.10.2014 ൽ കിറ്റ്കോ ജിഡയിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് ജനറൽ കൗൺസിലിന്റേയും സർക്കാരിന്റേയും അംഗീകാരത്തോടെ നടപ്പിൽ വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | പ്രവൃത്തി നടപ്പാക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്നും ഏതെങ്കിലും തടസ്സങ്ങൾ നേരിടുന്നുവെങ്കിൽ അവ എന്തെന്നും വിശദീകരിക്കാമോ; | | |

| | | | |
|---|---|---|---|
| (ഡി) | ബൈപ്പാസ് നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (ഡി) | പദ്ധതിക്കുള്ള അനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ